## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 01.02.2023 മുതൽ 05.02.2023 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 05/2023,(9) ചൊവ്വാഴ്ച | തീയ്യതി 31/01/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 01.02.2023 | 02.02.2023 | 03.02.2023 | 04.02.2023 | 05.02.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 2 | 1 | 5 | 0 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 64 | 64 | 64 | 64 | 64 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 8 | 6 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 270 | 270 | 250 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 6 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2023 ഫെബ്രുവരി 01 | 2023 ഫെബ്രുവരി 02 | 2023 ഫെബ്രുവരി 03 | 2023 ഫെബ്രുവരി 04 | 2023 ഫെബ്രുവരി 05 |
|---|---|---|---|---|
| വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | നേരിയ മഴ | മഴ ഇല്ല |

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് – പുഞ്ച ഞാറു പരുവം | ഇലപ്പേനുകൾ | പാടത്തു വെള്ളം കെട്ടി നിർത്തി ഇലപ്പേനുകളെ ഒരു പരിധിവരെ നിയന്ത്രിക്കാം. കീടാക്രമണം രൂക്ഷമായാൽ തയാമെതോക്സാം 25 WG 2 ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| പച്ചക്കറികൾ | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ | മിത്ര കുമിളായ ലേക്കാനിസീലിയം ലെക്കാനി കീടാക്രമണത്തിൻറ്റെ തുടക്കത്തിൽ തന്നെ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. വേപ്പധിഷ്ഠിത കീടനാശിനികൾ തളിക്കുകയോ അല്ലെങ്കിൽ രാസ കീടനാശിനികളായ ഡൈമെത്തോയേറ്റ് 30 EC (1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ തയാമേതോക്സാം 20 WG (2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ) എന്നിവയിലേതെങ്കിലും ഇലകളുടെ അടിഭാഗത്ത് കൂടി വീഴുന്ന വിധം തളിക്കുക. മീലി മൂട്ടകൾ, വെള്ളീച്ചകൾ എന്നിവക്കെതിരെ കീടനാശിനികൾ ഉപയോഗിക്കുന്നതിനു മുൻപ് സോപ്പ് വെള്ളം തളിക്കുന്നത് കീടങ്ങൾ പുറപ്പെടുവിക്കുന്ന മെഴുകുപോലുള്ള ആവരണങ്ങൾ അലിയിക്കുന്നതിനു സഹായിക്കുന്നു. |
| തേനീച്ച കൃഷി | പരിപാലനം | ജനുവരി മുതൽ ഏപ്രിൽ വരെ റബർ മരങ്ങളിൽ തേൻ ഉത്പാദനം കൂടുന്ന സമയമായതിനാൽ തേനീച്ച കൂടുകൾ റബർ തോട്ടങ്ങളിലേക്കു മാറ്റാവുന്നതാണ്. |

മത്സ്യ കൃഷി -: അന്തരീക്ഷ വായുവിൽ നിന്നും ഓക്സിജൻ സ്വീകരിച്ച് ശ്വസിക്കാൻ സാധിക്കുന്ന മത്സ്യങ്ങളായ അസം വാള, കാരി, മുഷി, അനാബാസ് തുടങ്ങിയ മത്സ്യ കുഞ്ഞുങ്ങളുടെ വിത്ത് കൂടുതൽ നിക്ഷേപിക്കാവുന്നതാണ്.